# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2133. 05/05/2017 -ൽ മറുപടിയ്ക്ക്.

## ക്ഷീര കർഷകരെ സഹായിക്കുവാൻ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീര കർഷകരെ സഹായിക്കുവാൻ എന്തെല്ലാം പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്; | (എ) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.<br>1) മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായവും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായങ്ങൾ നൽകി വരുന്നു.<br>2) തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശു സ്ഥല ങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾ ക്കും പുൽകൃഷി ചെയ്യുന്നതിന് ധന സഹായം നൽകി വരുന്നു.<br>3). ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലി ന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി |

നിലവിലുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ക്ഷീരകർഷ കർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധ തിയും നടപ്പിലാക്കുന്നുണ്ട്.

4))ക്ഷീര കർഷക ക്ഷേമനിധി മുഖാ ന്തിരം പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിൽസാധന സഹായം, മരണാനന്തര ധന സഹായം വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകി വരുന്നു.

5).ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യ മാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായകരമായ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി പാലുത്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും കറവ യന്ത്രങ്ങൾ വാങ്ങുന്നതിനും, മറ്റു അവശ്യാധിഷ്ഠിത സഹായങ്ങളും നൽകി വരുന്നു.

2) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട് അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും 50 ബ്ലോക്കുകളിൽ ഡയറി സോൺ പദ്ധതികളും നടപ്പിലാക്കുന്നു.

3) തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശു സ്ഥല ങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും

സ്വാശ്രയ ഗ്രൂപ്പുകൾ ക്കും പുൽകൃഷി ചെയ്യുന്നതിന് ധന സഹായം നൽകി വരുന്നു.

4) ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലി ന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

5) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകുന്നു.

പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി മുഖേന ഗോവർദ്ധിനി, കാഫ് അഡോപ്ഷൻ . പ്രോഗ്രാം എന്നീ പദ്ധതികളിലൂടെ പശുവിന് ശാസ് ത്രീയമായ പരിചരണം നൽകി അതിനെ ഉത്പാദനക്ഷമതയുള്ള പശുവാക്കി മാറ്റുന്നതിന് ധനസഹായം നൽകി വരുന്നു.

മൃഗസംരക്ഷണവകുപ്പ് അകിടുവീക്കരോഗ നിയന്ത്രണ പരിപാടിയിലൂടെ സംസ്ഥാന ക്ഷീര കർഷകർക്ക് അകിടുവീക്ക രോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകുന്നതാണ്.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (സി) കർഷകരെ സഹായിക്കുവാൻ പശുയൂണിറ്റുകൾ, കറവയന്ത്രം എന്നീ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; കന്നുകാലി ഇൻഷ്വറൻസ് വഴി ഈ സാമ്പത്തിക വർഷം എത്ര തുക വിതരണം ചെയ്തു ; വിശദമാക്കുമോ ? | (സി) മൃഗസംരക്ഷണ വകുപ്പിൽ പശു യൂണിറ്റുകൾ തുടങ്ങുന്നതിന് ഈ സാമ്പത്തിക വർഷം പദ്ധതിയില്ല . കറവയന്ത്രം നൽകുന്ന പദ്ധതിയ്ക്ക് 2016-17 സാമ്പത്തിക വർഷത്തിൽ നടപടി സ്വീകരിച്ചിരുന്നു. ഈ വർഷവും പ്രസ്തുത പദ്ധതി തുടരുന്നതാണ്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ കീഴിൽ കേന്ദ്ര സർക്കാർ സഹായത്തോടെ ലഭ്യമായ കന്നുകാലി ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സബ്സിഡി തുകയുടെ 40% (69.52 ലക്ഷം രൂപ) മുൻകൂറായി പൊതുമേഖല ഇൻഷ്വറൻസ് കമ്പനിയായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി നടന്നു വരികയാണ്.<br>ഈ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ അഞ്ച് കോടി രൂപ കന്നുകാലി ഇൻഷ്വറൻസിനായി നീക്കി വച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ കറവ യന്ത്രങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകി വരുന്നു. മലബാർ മേഖലാ യൂണിയൻ 4 പശുക്കളുള്ള യൂണിറ്റിന് ഫാം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.എറണാകുളം മേഖല യൂണിയൻ കന്നുകാലി ഇൻഷ്വറൻസ് മാസ്റ്റർ പോളിസി പ്രകാരം ഇൻഷ്വർ ചെയ്യുന്ന ഒരോ പശുവിനും 200 രൂപ വീതം പ്രീമിയം സബ്സിഡി നൽകുന്നുണ്ട്. |

തിരുവനന്തപുരം മേഖല യൂണിയൻ കന്നുകാലികൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി 2016-17 കാലയളവിൽ 572 ലക്ഷം രൂപ പ്രീമിയം സബ്സിഡി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.